കസ്തൂരിരംഗൻ റിപ്പോർട്ട്

184(5773) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ എന്തെല്ലാം കാര്യങ്ങളാണ് കേരള സർക്കാർ സമർപ്പിക്കേണ്ടിയിരുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) അത്തരം വിവരങ്ങൾ എല്ലാം കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 10-3-2014-ലെ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച കരട് വിജ്ഞാപന പ്രകാരം സംസ്ഥാനത്ത് 123 വില്ലേജുകളിലായുള്ള 9993.7 ച. കി. മീ. പരിസ്ഥിതിലോല പ്രദേശങ്ങളുടെ അതിർത്തി വിതരണ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. തെരഞ്ഞെടുത്ത വില്ലേജുകളിൽ നേരിട്ട പരിശോധന നടത്തിയശേഷം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാൻ വേണ്ടിയാണ് ടി റിപ്പോർട്ട് ആവശ്യപ്പെട്ടത്.

(ബി) മേൽ കാണിച്ച പ്രകാരമുള്ള റിപ്പോർട്ട് ഉടൻതന്നെ കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നതാണ്.

പരിസ്ഥിതി ലോല പ്രദേശങ്ങളെ സംബന്ധിച്ച റിപ്പോർട്ട്

185(5774) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :

ശ്രീ. റോഷി അഗസ്റ്റിൻ :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പരിസ്ഥിതി ലോല പ്രദേശങ്ങൾ സംബന്ധിച്ച് കേന്ദ്ര സർക്കാരിന് പുതുതായി റിപ്പോർട്ട് നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പുതിയ റിപ്പോർട്ട് തയ്യാറാക്കാനിടയായ സാഹചര്യം വിശദമാക്കുമോ ;

(സി) ആദ്യത്തെ റിപ്പോർട്ടിൽ നിന്നും എന്തെല്ലാം മാറ്റങ്ങളാണ് പുതിയ റിപ്പോർട്ടിലുള്ളതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല. ഉമ്മൻ വി ഉമ്മൻ കമ്മിറ്റി ശുപാർശ ചെയ്ത കഡസ്ട്രൽ മാപ്പ് പ്രകാരമുള്ള റിപ്പോർട്ടാണ് സംസ്ഥാനം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് നൽകിയിട്ടുള്ളത്.

(ബി&സി) ബാധകമല്ല.

പരിസ്ഥിതി ലോല മേഖലകളുടെ അതിർത്തി നിർണ്ണയം

186(5775) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ പരിസ്ഥിതിലോല മേഖലകളുടെ അതിർത്തി നിർണ്ണയത്തിൽ വ്യക്തത ആവശ്യപ്പെട്ട് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം സംസ്ഥാന സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ ; എങ്കിൽ കത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) അതിർത്തി നിർണ്ണയിക്കുന്നതിന് റവന്യൂ വകുപ്പിനെ കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ജനവാസ കേന്ദ്രങ്ങളും കൃഷിയിടങ്ങളും ഒഴിവാക്കി പരിസ്ഥിതിലോല മേഖലകളുടെ അതിർത്തി നിർണ്ണയിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ഡി) നിലവിൽ വനഭൂമിയും റവന്യൂ ഭൂമിയും ജണ്ടയിട്ടു തിരിച്ചതിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതിലോല മേഖലയുടെ അതിർത്തി ആയി പരിഗണിക്കുവാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) പരിസ്ഥിതിലോല പ്രദേശത്തിന്റെ അതിർത്തി നിർണ്ണയിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതിലോല പ്രദേശത്തിന്റെ അതിർത്തി നിർണ്ണയിക്കുവാനായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, വില്ലേജ് ഓഫീസർ, സർവ്വേ ഉദ്യോഗസ്ഥർ, വനംവകുപ്പ് ഉദ്യോഗസ്ഥർ, കൃഷി ഓഫീസർ എന്നിവരടങ്ങിയ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.